ISSN 0974-1984
LCCN 2013-318190
MLA Index Number 11354

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

## ഇന്ദ്രിയാധിഷ്ഠിത സംസ്കാരപഠനം



U.G.C.-CARE listed, Peer-reviewed Journal
Volume 16 ● Issue 1 ● January-April 2023

45

*Malayalam Research Journal*
U.G.C.-CARE listed
ISSN-0974 1984
RNI No.KERBIL 2008/24527
MLA Index Number 11354
LCCN 2013 318190
Registered Journal for DOI
Peer-reviewed Journal
Vol. 16 Issue 1 January-April 2023
© On Design, Lay-out and Published materials:
*Malayalam Research Journal*

# ഉള്ളടക്കം/ Contents


| | | |
|---|---|---|
| ഇന്ദ്രിയസംസ്കാരപഠനത്തിന്റെ കേരളീയസന്ദർഭം | 5979 | സന്തോഷ് മാനിച്ചേരി |
| ഇന്ദ്രിയസ്പർശങ്ങൾ | 5985 | എബി കോശി |
| ഇന്ദ്രിയാനുഭവങ്ങളുടെ സംസ്കാരചരിത്രം: ചില രീതിശാസ്ത്രപരമായ സാധ്യതകൾ | 6004 | കവിത ബാലകൃഷ്ണൻ |
| രുചിയുടെ രൂപാന്തരങ്ങൾ: ഇറ്റാലോ കാൽവിനോയുടെ പുള്ളിപ്പുലിസൂര്യന്റെ ചുവട്ടിൽ എന്ന കഥയിൽ | 6022 | ദേവി കെ. |
| ഗന്ധം സംസ്കാരപഠനത്തിൽ | 6034 | എസ്. ഗിരീഷ്കുമാർ |
| പടയണിയുടെ പ്രതലങ്ങൾ: തൊടുന്നതിന്റെ അനുഷ്ഠാനം | 6051 | എം.ആർ. വിഷ്ണുപ്രസാദ് |
| മൈത്രിയും സ്പർശവും: അഗ്നിസാക്ഷിയെ മുൻനിർത്തിയുള്ള വായന | 6066 | അമിത്ത് കെ. |
| രുചിയനുഭവങ്ങൾ കവിതയിൽ | 6077 | സിന്ധു കെ.വി. |
| സമകാലികമലയാളനോവലുകളിലെ ഇന്ദ്രിയസംവേദനപാഠങ്ങൾ | 6085 | സരിത കെ.വി. |
| കവിതയിലെ ഗ്രാമനഗര സംഘർഷവും ഐന്ദ്രിയാനുഭൂതിയും | 6097 | അജിത ചേമ്പൻ |
| ദൃശ്യതയുടെ ലോകങ്ങൾ- ആശാൻകവിതയിലെ കാഴ്ചകൾ | 6112 | ജിഷ്ണു ആർ. |

എബി കോശി

# ഇന്ദ്രിയസ്പർശങ്ങൾ

**സംഗ്രഹം**

ദെല്യൂസിന്റെയും ഗുത്താരിയുടെയും കാഴ്ചപ്പാടിൽ ഒരു ശരീരം ബാഹ്യശരീരങ്ങളായ പൂക്കൾ, നിറങ്ങൾ, നിലാവ്, ശബ്ദങ്ങൾ, ഗന്ധങ്ങൾ തുടങ്ങിയവയാൽ ബാധിക്കപ്പെടുമ്പോൾ ഇന്ദ്രിയതലത്തിലുണ്ടാകുന്ന ആവേഗങ്ങളാണ് സ്പർശങ്ങൾ. ബാഹ്യവസ്തുക്കളാൽ ബാധിക്കപ്പെടുമ്പോൾ ശരീരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തീക്ഷ്ണതകൾ പലരീതികളിലാണ് പ്രകാശിപ്പിക്കപ്പെടുന്നത്. കലാസൃഷ്ടികളായ കാവ്യങ്ങൾ, സംഗീതം, ചിത്രകല തുടങ്ങിയവ അവയിൽ ചിലതാണ്. അവ മനോബുദ്ധികളാൽ നടത്തപ്പെടുന്ന വികാരങ്ങളുടെയും സത്യങ്ങളുടെയും പ്രതിനിധാനങ്ങളെന്നതിലുപരി ശരീരനിബദ്ധമായ ആവിഷ്കാരങ്ങളാണ്. ഈ കാഴ്ചപ്പാട് തത്ത്വചിന്തയിലും സൗന്ദര്യമീമാംസയിലും സാംസ്കാരികപഠനങ്ങളിലുമൊക്കെ നിലനിൽക്കുന്ന ശരീരം-മനസ്സ്, വിഷയം-വിഷയി, സത്യം-ഭാവന, ഭൗതികം-ആത്മീയം, ജന്തുത്വം-മനുഷ്യത്വം ആദിയായ ദ്വന്ദ്വങ്ങളെ മറികടക്കുന്നതിന് സഹായകരമാണ്. അപരശരീരങ്ങളുമായി സ്പർശങ്ങളുടെയും തന്മാത്രകളുടെയും തലത്തിൽ ബന്ധപ്പെടുന്നത് മനുഷ്യർക്ക് പ്രപഞ്ചത്തിലെ സർവപ്രതിഭാസങ്ങളുമായി ഒരിക്കൽ ഉണ്ടായിരുന്ന ആദിമമായ ബന്ധത്തെ വീണ്ടെടുക്കുന്നതിന് തുണയ്ക്കുന്നു. എന്നാൽ ബാഹ്യവസ്തുക്കളിൽനിന്ന് ഉളവാക്കപ്പെടുന്ന എല്ലാ സ്പർശങ്ങളും ബന്ധങ്ങളും അനുകൂലവും ഉൽപ്പാദനപരവും ആയിരിക്കുമെന്നു പറയാനാവില്ല. അവയിൽ ചിലത് ശരീരത്തിന്റെ സന്തുലിതാവസ്ഥ താറുമാറാക്കുന്നതിനും ദു:ഖമുണ്ടാക്കുന്നതിനും ഇടവരുത്തുന്നതുമാണ്. മറ്റു ശരീരങ്ങളുമായി അനുകൂലമായ സമ്പർക്കങ്ങൾ കണ്ടെത്തുകയെന്നുള്ളതാണ് ആനന്ദത്തിലേക്കുള്ള വഴി.

**താക്കോൽവാക്കുകൾ**

സ്പർശം, സെൻസേഷൻ, ശരീരം, മോഹം, കല

## Abstract

To Deleuze and Guattari, ‘affects’ is the outcome of the sensations impinged on the body by external bodies such as flowers, moonlight, colours, sounds and fragrances. Being affected by them, intensities are produced in the body, which is expressed in various ways. Works of art such as poems, paintings and music are some of such expressions. They are bodily, rather than ‘representation’ of feelings and truths by mind and intelligence. This stance enables us to overcome the dichotomies such as body-mind; subject-object; truth-imagination; material-spiritual; animal-human that exist in philosophies, aesthetics, and cultural discussions. Finding ‘affects’ and molecular connections with other bodies at the level of desire enable the human being to regain its primordial relation with the entire forms of the universe. Every affects and connection may not be productive of positive desires. While some lead to enhancing our power to act, certain others may jeopardise the body’s cohesion and produce sadness. Creating positive connections with other bodies is the way to find joy in life.

## Keywords

affect, sensation, body, desire, art

കവിത ബാലകൃഷ്ണൻ

# ഇന്ദ്രിയാനുഭവങ്ങളുടെ സംസ്കാരചരിത്രം: ചില രീതിശാസ്ത്രപരമായ സാധ്യതകൾ

**സംഗ്രഹം**

മലയാളത്തിലെ കലയിലെയും സാഹിത്യത്തിലെയും ഇന്ദ്രിയാനുഭവങ്ങളുടെ സാംസ്കാരികചരിത്രത്തെ അന്വേഷിക്കാനുള്ള പരിശ്രമമാണ് ഈ പ്രബന്ധം. കലാകാരനും കവിയും പെർഫോമൻസ് പ്രാക്ടീഷ്യനറുമെല്ലാം അവരവരുടെ മാധ്യമങ്ങളുടെ കലാചരിത്രങ്ങളെക്കാൾ ഇന്ദ്രിയാനുഭവങ്ങളുടെ ഒരു പൊതു സാംസ്കാരിക ചരിത്രത്തിനകത്താണ് പ്രവർത്തിക്കുന്നതെന്നാണ് അടിസ്ഥാനവാദം. വിഷയങ്ങളുടെ ഏകത വിഷയാന്തര സമീപനങ്ങളുടെ വരവോടെയല്ല അസാധുവാക്കപ്പെട്ടത്. പകരം ഇന്ദ്രിയാനുഭവങ്ങളുടെ വിമോചനാത്മകമായ ഭാഷകൊണ്ടാണ്. മലയാളത്തിലെ സ്ത്രീ എഴുത്തുകാരെക്കുറിച്ചും കലയിലെ അമൂർത്തീകരണത്തിന്റെ യൂറോപ്യൻ ചരിത്രത്തെക്കുറിച്ചും സമകാലീന ചിത്രകലയിലെ പ്രകടനസ്വഭാവമുള്ള ശരീരത്തെക്കുറിച്ചും ക്രമരഹിതമായി പരാമർശിച്ചുകൊണ്ട് ഈ പ്രബന്ധം കലയുടെ ഒറ്റപ്പെട്ട മേഖലകളുടെ പരിധി ലംഘിക്കുന്ന സ്വാതന്ത്ര്യപ്രവണതകളെ കണ്ടെത്താൻ ശ്രമിക്കുന്നു. അത്യധികം സാഹിതീയവും ലിംഗാധിപത്യമുള്ളതുമായ മലയാളത്തിലെ കവിതാസാഹിത്യചരിത്രത്തിൽ സ്ത്രീഭാവനയും സ്ത്രീയുടെ ഒച്ചയും സ്വാതന്ത്ര്യപ്പെട്ട ചരിത്രനിമിഷങ്ങളെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു. ഇന്ദ്രിയാനുഭവങ്ങളുടെ സാംസ്കാരികചരിത്രത്തിനകത്ത് സ്ഥാനപ്പെടുത്തുമ്പോൾ മലയാളത്തിലെ സ്ത്രീയെഴുത്ത് കേവലം ലിംഗരാഷ്ട്രീയത്തിന്റെ ഒരു ഉപകരണമായിട്ടല്ല, അഗാധമായ കലാത്മകഭാഷയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

**താക്കോൽവാക്കുകൾ**

സ്ത്രീവാദവിമർശം, കാലികകല, ഇന്ദ്രിയപ്രയോഗങ്ങളുടെ ചരിത്രം, ലിംഗപദവീപഠനം, കലാചരിത്രം, മലയാളകവിത

## A cultural history of sensory experience: some methodological possibilities

## Abstract

This essay attempts to locate a shared and gendered cultural history of sensory experience in Malayalam literature and art. Basic argument is that the artist, poet and performance practitioner in a contemporary sense, operate in a common cultural history of sensory experiences rather than in various mediumistic art histories of disciplinary behaviours. The singularity of disciplinary practices does not get nullified by mere inter-disciplinarity, instead by the libertine language of sensualities. Randomly referencing the film song- literatures, women writers in Malayalam, the European history of abstraction in Art and the performative bodies in contemporary painting, this essay tries to locate the libertine tendencies that break the limits of isolated domains of artistic disciplines. Then it focuses on the historic moments when female imaginations and the poetic ‘noises’ got liberated from highly literatured and gendered history of poetry in Malayalam. Perceived within a location of cultural history of sensory experiences, ‘woman writing’ appears as a profound artistic language, not merely a tool for gender politics.

ദേവി കെ.

# രുചിയുടെ രൂപാന്തരങ്ങൾ: ഇറ്റാലോ കാൽവിനോയുടെ പുള്ളിപ്പുലിസൂര്യന്റെ ചുവട്ടിൽ എന്ന കഥയിൽ

**സംഗ്രഹം**

മനുഷ്യനെ പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്ന ഇന്ദ്രിയാവബോധങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ മനുഷ്യവംശത്തിന്റെ ആരംഭകാലംമുതൽ നിലനിന്നിരുന്നു. പഞ്ചേന്ദ്രിയാവബോധങ്ങളിൽ നിലനിൽപ്പിന്റെ പ്രതീകമായാണ് രുചിയെ വിലയിരുത്തിയിട്ടുള്ളത്. മതം, ജ്ഞാനവ്യവഹാരശാസ്ത്രങ്ങൾ എന്നിവ രുചിയെ അടയാളപ്പെടുത്തിയത് എങ്ങനെയെന്നാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്. രുചിയെ കേന്ദ്രപ്രമേയമാക്കിക്കൊണ്ട് ഇറ്റാലോ കാൽവിനോ രചിച്ച കഥയാണ് സോട്ടോ ഇൽ സോളോ ജാഗ്വാരോ. കഥയിൽ രുചി അനുഭവമായും രൂപകമായും കടന്നുവരുന്നു. ചരിത്രം, സംസ്കാരം, സമൂഹം എന്നിവ രുചിപരിണാമങ്ങളെ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് പ്രബന്ധലക്ഷ്യം.

**താക്കോൽവാക്കുകൾ**

രുചി, സൗന്ദര്യശാസ്ത്രം, ആഗ്രഹമുക്തമായ ആനന്ദം (Disinterested pleasure), അനുഭൂതിയുടെ ഘടന (Structures of feeling), സാംസ്കാരികമൂലധനം (Cultural Capital)

**Transformation of Taste in Italo Calvino's Short story "Under the Jaguar Sun"**

**Abstract**

From the time immemorium there exists many perceptions between the relationship of the concept of taste and the living world of human being. Taste of sense organs are acknowledged as the cause of the existence of mankind. This article reveals or records the coexistence of sensuous taste and other discourses of our knowledge system and religion. In such a context this study elucidate or explore the concept of taste in Italo Calvino's short story Under the Jaguar Sun.

**Keywords**

Taste, aesthetics, disinterested pleasure, structure of feeling, cultural capital

എസ്. ഗിരീഷ്കുമാർ

# ഗന്ധം സംസ്കാരപഠനത്തിൽ

**സംഗ്രഹം**

ദൈനംദിന ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട ഒരു സാമൂഹിക സാംസ്കാരിക ഘടകമാണ് ഗന്ധം. സംസ്കാരപഠനത്തിന്റെ വരവോടെ, പഞ്ചേന്ദ്രിയങ്ങളിൽ ഒന്നായിമാത്രം കണക്കാക്കപ്പെട്ടിരുന്ന ഘ്രാണത്തെ കൂടുതൽ സൂക്ഷ്മമായി പരിഗണിക്കാൻ തുടങ്ങി. ശരീരത്തിൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള പുതിയ തന്ത്രങ്ങളും മത്സരപാറ്റേണുകളും സഹിതം പെർഫ്യൂംവിപണി വികസിച്ചപ്പോൾ, ഈ മേഖല കൂടുതൽ സുപ്രധാനമായിക്കൊണ്ടിരിക്കുകയാണെന്ന് പഠിതാക്കൾ മനസ്സിലാക്കി. മാത്രമല്ല, ഒരു വ്യക്തിയുടെയും ഒരു ഗ്രൂപ്പിന്റെയും സ്വത്വരൂപീകരണത്തിൽ ഘ്രാണേന്ദ്രിയം പ്രധാനമാണെന്നും കണ്ടെത്തി. പഞ്ചേന്ദ്രിയബോധത്തിൽ ഗന്ധം എങ്ങനെ പരിഗണിക്കപ്പെടുന്നുവെന്നും സ്വത്വരൂപീകരണവുമായി ബന്ധപ്പെട്ട് അത് എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഉള്ള അന്വേഷണമാണ് സംസ്കാരപഠനങ്ങളിലെ വാസനാന്വേഷണങ്ങളുടെ വിഷയത്തിന്റെ കേന്ദ്രം. ഈ പഠനം ഗന്ധത്തിന്റെ പ്രത്യയശാസ്ത്രമാനങ്ങൾ, ജൈവശരീരത്തെ ഒരു സാമൂഹികശരീരമാക്കുന്നതിൽ മണം വഹിക്കുന്ന പങ്ക്, സാംസ്കാരികസംഘർഷത്തിൽ മണം എങ്ങനെ ഒരു രാഷ്ട്രീയ ഉപകരണമാകാം എന്നിവ പരിശോധിക്കുന്നു. വിവിധ രാജ്യങ്ങളിലെ സാംസ്കാരികചിഹ്നങ്ങളുടെ രൂപീകരണത്തിലും സ്വത്വത്തെയും സംസ്കാരത്തെയും നിർണയിക്കുന്നതിലുമുള്ള ഗന്ധത്തിന്റെ ധർമത്തെ വിശദീകരിക്കുന്നു.

**താക്കോൽവാക്കുകൾ**

ഗന്ധം, ജൈവശരീരം, സാമൂഹികശരീരം, സാംസ്കാരികസംഘർഷം, പ്രത്യയശാസ്ത്രം

## Olfactory Sense in Culture Studies

**Abstract**

Olfaction is a social and cultural element that relates to everyday life experiences. With the emergence of culture studies, olfaction, which was considered only as one of the five senses, began to be considered more closely. As the perfume market developed along with new strategies and competitive patterns to dominate the body, scholars realized that this area was becoming more vital. Moreover, it was also argued that the olfactory sense is involved in the identity formation of an individual and a group. Thus, central to the subject of smell in culture studies is the investigation on how smell is considered in the five-sense consciousness and how it works in relation to the formation of identity. This study examines the ideological dimensions of smell, the role that smell plays in making the biological body a social body, and how smell can be a political tool in cultural conflict. To conclude, it is also argued that smell plays a crucial role in determining identity, culture and in the formation of cultural symbols in different countries.

**Keywords**

Olfaction, Biological body, Social body, Cultural conflict, Ideology

എം.ആർ. വിഷ്ണുപ്രസാദ്

# പടയണിയുടെ പ്രതലങ്ങൾ: തൊടുന്നതിന്റെ അനുഷ്ഠാനം

**സംഗ്രഹം**

'തൊട്ടറിയുക' എന്ന വാക്ക് ശൂദ്രരുടെജീവിതത്തിൽ തികച്ചും പ്രശ്നവൽക്കൃതമായ ഒരു ഇന്ദ്രിയസംവേദനമായിരുന്നു. ശൂദ്രർ അവരുടെ സ്വയംകൃതമായ തീരുമാനമായി സ്പർശത്തെ കരുതുകയായിരുന്നെങ്കിൽ ഇതിനെ പ്രശ്നവൽക്കരിക്കേണ്ടി വരുമായിരുന്നില്ല. മേൽജാതി സമൂഹങ്ങൾ അനുശീലിച്ചു പോന്നിരുന്ന സ്പർശനസ്വാതന്ത്ര്യത്തിന് വെളിയിൽ നിന്നുകൊണ്ട് ശൂദ്രർ തങ്ങളുടെ മനോശരീരപ്രകാശനങ്ങൾ എങ്ങനെയാണ് നിർവഹിച്ചതെന്ന ചോദ്യമാണ് ഈ പഠനം ലക്ഷ്യംവെക്കുന്നത്. മധ്യതിരുവിതാംകൂറിലെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന കാവുകളിൽ ആചരിച്ചുപോരുന്ന പടയണി എന്ന അനുഷ്ഠാനത്തെ മുൻനിർത്തി ആവാസ ശാസ്ത്രത്തിന്റെയും ഇന്ദ്രിയപഠനത്തിന്റെയും രീതിശാസ്ത്രങ്ങൾ അവലംബിച്ചുകൊണ്ടാണ് ഈ പഠനം നിർവഹിച്ചിട്ടുള്ളത്.

**താക്കോൽവാക്കുകൾ**

പടയണി, അനുഷ്ഠാനം, സ്പർശം, ഇന്ദ്രിയങ്ങൾ, ആവാസവ്യവസ്ഥ, അവതരണം

## Surfaces of the Padayani ecosystem: The act of touching the ritual

**Abstract**

In the lives of the Sudras, touch was a highly problematic sensory perception.If the Sudrashad their own decision and agency over their sensory faculty of touch, probably, this would not have been a significant question.This study focuses on how the Sudras performed their everyday embodiments, having been denied the freedom of touch enjoyed by the upper castes.This study has been carried out by adopting the methodologies of ecology and sensory studies based on the ritual performance *Padayani*, which is performed in the sacred groves of the south Indian state of Kerala.

**Keywords**

Padayani, Ritual, Touch, Senses, Ecosystem, Performance

അമിത്ത് കെ.

# മൈത്രിയും സ്പർശവും: അഗ്നിസാക്ഷി മുൻനിർത്തിയുള്ള വായന

**സംഗ്രഹം**

ലളിതാംബിക അന്തർജനത്തിന്റെ രചനകളിലൂടെ സഞ്ചരിക്കുകയും അതിലെ പെൺ-പെൺ ബന്ധങ്ങളുടെ ചരിത്രം അന്വേഷിക്കുകയുമാണ് ഈ പ്രബന്ധം. മൈത്രി, സ്പർശം എന്നീ ആശയങ്ങൾ സവർണസ്ത്രീകളുടെ ജീവിതത്തിൽ ഇടപെട്ടത് എങ്ങനെയെന്ന് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെ മുൻനിർത്തി ഇവിടെ ആലോചിക്കുന്നു. സ്ത്രീകൾതമ്മിലുള്ള മൈത്രിയുടെയും അതിലെ സ്പർശത്തിന്റെയും വൈകാരിക, സാംസ്കാരിക, രാഷ്ട്രീയ തലങ്ങൾ കണ്ടെടുക്കുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

മൈത്രി, സ്പർശം

**Friendship and touch: A reading based on Agnisakshi**

**Abstract**

This paper explores the dynamics of female-female relations in the writings of LalitambikaAntarjanam. It looks at how the experiences of friendship and touch functioned in the lives of upper caste women, placing it alongside the cultural history of Kerala. It also explores the emotional, cultural and political dimensions of friendship and touch between women.

**Keywords**

Friendship, Touch

**സിന്ധു കെ.വി.**

# രുചിയനുഭവങ്ങൾ കവിതയിൽ

**സംഗ്രഹം**

ഇന്ദ്രിയാനുഭൂതികളെ പുനരുൽപ്പാദിപ്പിക്കുന്നതിൽ കവിതയുടെ ശേഷിയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം. ദർപ്പണനാഡീകോശങ്ങളുടെ പ്രവർത്തനങ്ങൾ മനുഷ്യരിൽ ബാധിക്കുന്ന തെങ്ങനെയെന്ന് ദാർശനികമനശ്ശാസ്ത്രപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടെ പരിശോധിക്കുന്നു. രുചിയുമായി ബന്ധപ്പെട്ട അമൂർത്തമായ ശാസ്ത്രം കലയിലും സാഹിത്യത്തിലും പ്രവർത്തിക്കുന്ന തെങ്ങനെ എന്ന് നിരീക്ഷിക്കുന്നു. ഇന്ദ്രിയാനുഭവങ്ങളെ സാഹിത്യത്തിലും കലയിലും ഉപയോഗിക്കുമ്പോൾ എപ്രകാരമാണ് അനുഭൂതികളെ പുനസ്സൃഷ്ടിക്കുന്നത് എന്ന് മലയാളത്തിലെ സമകാലകവിതകളുടെ അടിസ്ഥാനത്തിൽ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

ഭ്രമഭാവന, ദർപ്പണനാഡീകോശം, ഇന്ദ്രിയാനുഭൂതി, പുനരാഖ്യാനം

**Taste experiences in Poetry**

**Abstract**

This essay is an investigation into the capacity of poetry to reproduce sensory experiences. It attempts to examine how mirror neuron activity functions in humans based on philosophical and psychological studies. It observes how the abstract science of taste works in art and literature, with specific reference to contemporary Malayalam poetry.

**Keywords**

Fantasy, Mirror Neuron, Sensory Perception, Retelling

സരിത കെ.വി.

# സമകാലിക മലയാളനോവലുകളിലെ ഇന്ദ്രിയസംവേദനപാഠങ്ങൾ

**സംഗ്രഹം**

ഇന്ദ്രിയസംവേദനങ്ങളിലൂടെ തീവ്രമായ ഉടലുണർവുകളായി (affects) വായനക്കാരെ ബാധിക്കുന്ന ആഖ്യാനരീതി സമകാലികമലയാളനോവലുകളെ സവിശേഷമായ രാഷ്ട്രീയമാനത്തിലേക്കുയർത്തുന്നു. സാമാന്യ യുക്തിയുടെയും വ്യവസ്ഥാപിത ധാർമികമൂല്യങ്ങളുടെയും രേഖീയാഖ്യാനത്തിൽനിന്നു വ്യത്യസ്തമായി അനുഭവങ്ങളുടെ രാഷ്ട്രീയത്തെയാണ് ഇന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം പ്രശ്നവൽക്കരിക്കുന്നത്. സാമൂഹികവും വൈയക്തികവുമായ പലതരം സ്വത്വനിർമിതികളോട് സമരസപ്പെട്ടുകൊണ്ടാണ് അനുഭൂതികളും വൈകാരികപ്രതികരണങ്ങളും പ്രവർത്തിക്കുന്നത്. ആ അർഥത്തിൽ ഉടലുണർവുകളുടെ ആഖ്യാനം അനുഭവങ്ങളുടെ സാംസ്കാരികചരിത്രപഠനത്തിലേക്ക് വിരൽചൂണ്ടുന്നു. അത് ചരിത്രത്തിലെയും വർത്തമാനത്തിലെയും ജാതിക്കോയ്മാ-മതാധിനിവേശയുക്തികളെയും വംശീയാബോധങ്ങളെയും ലിംഗ നിർമിതികളെയും അപനിർമിച്ചുകൊണ്ടാണ് പ്രസക്തമാകുന്നത്. സമകാലികമലയാളനോവലുകളിലെ ഇന്ദ്രിയസംവേദന പാഠങ്ങൾ/ ഉടലുണർവുകളുടെ ആഖ്യാനം ജാതി, മതം, വംശം, ലിംഗം തുടങ്ങിയ സ്വത്വനിർമിതികളെ പ്രശ്നവൽക്കരിക്കുന്നു എന്ന ആശയമാണ് ഈ പ്രബന്ധം മുന്നോട്ടുവെക്കുന്നത്. വിനോയ് തോമസിന്റെ കരിക്കോട്ടക്കരി, പുറ്റ് എന്നീ നോവലുകളെയാണ് പ്രബന്ധത്തിൽ വിശദപഠനത്തിന് ഉപയോഗിച്ചിരിക്കുന്നത്.

**താക്കോൽവാക്കുകൾ**

ഉടലുണർവ്, അനുഭൂതി, അവയവരഹിതശരീരം

## Texts of Corporeal sensibility in Contemporary Malayalam Fiction

**Abstract**

The contemporary Malayalam novels seem to have unique narrative styles capable of creating affects in the readers through subtle sensual impressions, giving the novel new political dimensions. Radically departing from the linear narratives grounded on common sense and conventional ethics, these sensually loaded narratives problematize the politics of experience. It could be observed that our emotional desires and emotional responses evolve in response to multiple social and personal constructions of selfhood.In this sense, corporeal narratives points to the cultural history of experiences. This comes into existence by deconstructing the hegemonic logic of caste, religion, colonialism and ethnocentrism. The proposed article argues that the sensual impressionist texts/corporeal narratives in contemporary Malayalam novels problematize constructions of subjectivity in the matrices of cast, religion, ethnicity, gender.

**Keywords**

Affects, Percepts, Body without organ

**അജിത ചേമ്പൻ**

# കവിതയിലെ ഗ്രാമനഗരസംഘർഷവും ഐന്ദ്രിയാനുഭൂതിയും

**സംഗ്രഹം**

ഇന്ദ്രിയങ്ങളിലൂടെയാണ് മനുഷ്യൻ ലോകത്തെ അനുഭവിക്കുന്നത്. ഇന്ദ്രിയങ്ങൾ സ്വാംശീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുഭവങ്ങൾക്ക് വിഭിന്ന അനുഭൂതിതലങ്ങൾ കൈവരുന്നത്. ഈ അനുഭൂതികൾ കാലത്തെയും ചരിത്രത്തെയും ഉൾക്കൊള്ളുന്നുണ്ട്. നഗരവൽക്കരണത്തിന്റെ വ്യാപനകാലത്തുണ്ടായ കവിതകളിൽ കാലത്തെയും സ്ഥലത്തെയും അടയാളപ്പെടുത്തിയതും ഇന്ദ്രിയങ്ങൾ പകർന്നു നൽകിയ അനുഭവലോകത്തെ മുൻനിർത്തിയാണ്. കാൽപ്പനികത, റിയലിസം, ആധുനികത തുടങ്ങിയ കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന കവിതകളിലാണ് നഗരവൽക്കരണ സംഘർഷം പ്രധാനമായും ചർച്ചയാകുന്നത്. ഈ കവിതകളിൽതന്നെ വ്യത്യസ്തമായ പ്രമേയങ്ങളിലൂടെയും പ്രശ്നങ്ങളിലൂടെയുമാണ് ഗ്രാമ-നഗര പരികൽപ്പനകൾ വിശകലന വിധേയമാക്കിയത്. നഗരവൽക്കരണസംഘർഷം പ്രകടമായ ഒരു സമസ്യയായി ചർച്ചചെയ്യപ്പെടുന്നത് ആധുനികതയുടെ കാലത്താണ്. ഗ്രാമീണൻ നഗരത്തിലേക്ക് കടന്നു ചെന്നുള്ള അനുഭവങ്ങളും നാഗരികത ഗ്രാമത്തിലേക്ക് കടന്നുവരുന്നതിന്റെ ആശങ്കകളും ആണ് നഗരവൽക്കരണ സംഘർഷത്തിന്റെ അടിത്തറ. ആധുനികതാവാദകാലത്തോടെ ഇത് തീവ്രതരമാകുന്നു. നഗരം എന്നത് യഥാർഥമായ അനുഭവലോകങ്ങളിലൊന്നായി തീർന്നതും നഗരത്തിലേക്ക് കുടിയേറിയതിന്റെ ഭാഗമായുള്ള സംഘർഷങ്ങൾ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെടുന്നതും ആധുനികകവിത സൂക്ഷ്മമായിത്തന്നെ വിലയിരുത്തി. ഇന്ദ്രിയങ്ങൾ സ്വാംശീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വൈകാരികാനുഭൂതിയും ആവിഷ്കരിച്ചത്. ഇന്ദ്രിയാധിഷ്ഠിതമായ അനുഭവം അനുഭൂതിയായി അവതരിപ്പിക്കപ്പെട്ടതിനെ വിശകലനവിധേയമാക്കുകയാണിവിടെ.

**താക്കോൽവാക്കുകൾ**

ഇന്ദ്രിയപഠനം, കാൽപ്പനികത, ആധുനികത, നഗരവൽക്കരണം, ഇടം, സ്ഥലനിർമിതി, ഗ്രാമനഗര സംഘർഷം

## The Neural Channels of Movement Aesthetics

### Abstract

Humans experience the world through their senses. The sensory perceptions evoke different layers of feelings, which in turn are embedded in time and history. Time and space are engraved with metaphors of sense in the poetry written during the period of rapid urbanization. Responses to urbanization becomes more obvious in the poems written during romanticism, realism and modernism. In such poems, the rural-urban binary has been presented through different themes and problems. Urbanization conflict becomes more poignant in modernist writings. The experiences of the rural folk entering the city and the forces of urbanization intruding into the serenity of villages are recurring patterns in poems presenting urbanization conflict. Modernist poetry has delved deeper into the conflicts of city life and the crises ensuing from migration to the city.These emotional experience are presented with metaphors of the senses. This is an attempt to examine the sensory perceptions presented as affects.

### Keywords

Sensory Studies, Romanticism, Modernism, Urbanization, Space, Place construction, Rural-Urban Conflict

ജിഷ്ണു ആർ.

# ദൃശ്യതയുടെ ലോകങ്ങൾ- ആശാൻകവിതയിലെ കാഴ്ചകൾ

**സംഗ്രഹം**

കാഴ്ചയെന്ന അനുഭവത്തെ മുൻനിർത്തിയുള്ള ആശാൻകവിതകളുടെ വായനയാണ് ഈ പ്രബന്ധം. കാഴ്ചയെ പല നിലയിൽ സമീപിക്കാനുള്ള ശ്രമങ്ങൾ ആശാന്റെ കാവ്യലോകത്തുണ്ടെന്ന ആലോചനയിലാണ് ഈ പഠനം മുന്നോട്ടുപോകുന്നത്. കേവലമായ ദൃശ്യാനുഭവമെന്ന നിലയ്ക്കോ വാങ്മയചിത്രങ്ങളെന്ന നിലയ്ക്കോ അപ്പുറം കാഴ്ചയെന്ന ഇന്ദ്രിയാനുഭവത്തിന്ന് ആശാൻ കവിതയിൽ നിലനിൽപ്പുണ്ട്. ഇന്ദ്രിയാനുഭവങ്ങളുടെ ചരിത്രപരമായ നോട്ടങ്ങളെയും സാമൂഹികതയെയും അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ ആശാൻകവിതയിലുണ്ട് എന്ന ധാരണയിലൂന്നി, ആശാൻകവിതകളെ വിശദീകരിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

ദൃശ്യത, ദൃശ്യസംസ്കാരം, കാഴ്ച, ഇന്ദ്രിയാനുഭവം

## Worlds of Visibility-Views in the Asankavita

**Abstract**

This paper is a reading of Asan's poems that presupposes the experience of sight. This study proceeds with the idea that there are attempts to approach the view on several levels in Asan's poetic world. Beyond the status of mere visual experience or the status of verbal images, the sensory experience of sight has an existence in Asan poetry. This paper examines Asan poetry with the understanding that Asan poetry contains attempts to mark the historical gaze and sociality of sense experiences.

**Keywords**

visuality, visual culture, sight, sensory experience